

# മദാം ക്യൂറി (1867-1934)

സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടുന്നതിനും പൊതുരംഗത്ത് വരുന്നതിനും അവസരം നൽകാതിരുന്ന കാലത്ത് വളരെ പാവപ്പെട്ട വീട്ടിൽ ജനിച്ച മദാം ക്യൂറി സ്വപ്രയത്നത്താൽ ഉയർന്ന വിദ്യാഭ്യാസം നേടി അദ്ധ്യാപികയും, ഗവേഷകയും , ശാസ്ത്രജ്ഞയും ആയിത്തീരുകയും ചെയ്തു. യൂണിവേഴ്സിറ്റി പ്രൊഫസർഷിപ്പ് നിഷേധിച്ചു എന്നു മാത്രമല്ല രണ്ട് നൊബേൽ സമ്മാനം നേടിയ സമയത്തുപോലും സ്ത്രീയായതുകൊണ്ട് ഫ്രഞ്ച് അക്കാദമിയിൽ അംഗത്വം നൽകിയില്ല. 12-ാം വയസ്സിൽ ക്ഷയരോഗം പിടിപ്പെട്ട് അമ്മയുടെ മരണം, മൂത്ത സഹോദരിയുടെ അകാല മരണം, ഭർത്താവിന്റെ അകാല മരണം (11 വർഷത്തെ ദാമ്പത്യം) തുടങ്ങിയ കുടുംബ പ്രയാസങ്ങളും മറ്റു സാമൂഹിക പ്രതിബന്ധങ്ങളും ധൈര്യപൂർവ്വം തരണം ചെയ്ത് വിജഗാഥകൾ രചിച്ച അവരുടെ ജീവിതം നിശ്ചയദാർഢ്യത്തിന്റേയും അർപ്പണബോധത്തിന്റേയും ത്യാഗ മനഃസ്ഥിതിയുടേയും നേർകാഴ്ചയാണ്. ദേശ സ്നേഹത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ലോകം കണ്ട മാതൃകാ വ്യക്തിയായി ശാസ്ത്ര ലോകം എന്നും മദാം ക്യൂറിയുടെ മുന്നിൽ നമിച്ചു നിൽക്കും (താൻ കണ്ടുപിടിച്ച ആദ്യമൂലകത്തിന് പോളണ്ടിന്റെ പേരിൽ പൊളോണിയം എന്ന പേർ നൽകി, തന്റെ ശാസ്ത്ര ഗവേഷണങ്ങളും ഫലങ്ങളും മാനവരാശിക്ക് സമർപ്പിച്ചു, റേഡിയം കണ്ടു പിടുത്തത്തെ പേറ്റന്റ് വഴി സ്വകാര്യ വൽക്കരിക്കാനുള്ള സുഹൃത്തുക്കുളടെ നിർബന്ധം നിരാകരിച്ചു, ഒന്നാം ലോക മഹായുദ്ധത്തിൽ പരിക്കേറ്റവർക്ക് റേഡിയം ഉപയോഗിച്ച് ചികിത്സ നൽകി......). നൊബേൽ സമ്മാനം നേടിയ ആദ്യ വനിത (1903), നൊബേൽ സമ്മാനം രണ്ടു തവണ നേടിയ ആദ്യ വനിത (1903, 1911), നൊബേൽ സമ്മാനം വ്യത്യസ്ത വിഷയങ്ങളിൽ നേടിയ ഒരേ ഒരു വ്യക്തി (1903-ഭൗതിക ശാസ്ത്രം, 1911-രസതന്ത്രം), 1904ലെ മാറ്റ്യൂഡി മെഡൽ, 1909ലെ എലിയട്ട് ക്രസന്റ് മെഡൽ, ഫ്രഞ്ച് ഗവൺമെന്റിന്റെ ഫ്രഞ്ച് ലിജിയൻ ഓഫ് ഓണർ ബഹുമതി, പോളണ്ടിലെ ലോ പോളിടെക്നിക്ക്, പൊസ്നാൻ സർവ്വകലാശാല, വാഴ്സ പോളിടെക്നിക്ക് എന്നിവ ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു..... ഇങ്ങനെ വിശേഷണങ്ങളുടെ പട്ടിക നീളുകയാണ്. മദാംക്യൂറിക്ക് ഗവേഷണം തപസ്യയും ജീവിത വൃത്തിയുമായിരുന്നു. യാതൊരു സുരക്ഷാ സംവിധാനങ്ങളുമില്ലാതെ റേഡിയോ ആക്റ്റീവ് വികിരണങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്ന മദാം ക്യൂറി □അപ്ലാസ്റ്റിക് അനീമിയ □ എന്ന മാരക രോഗം ബാധിച്ച് 1934ൽ മരണമടഞ്ഞു.

പൊളേണിയത്തിന്റെ കണ്ടുപിടുത്തം, റേഡിയത്തിന്റെ കണ്ടുപിടുത്തം, അതിന്റെ പ്രക്രിയ എന്നീ സംഭാവനകൾ പരിഗണിച്ചാണ് 1911ൽ മദാം ക്യൂറിക്ക് നൊബേൽ സമ്മാനം നൽകിയത്. റേഡിയോ ആക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട അവരുടെ കണ്ടുപിടുത്തവും തുടർന്നുണ്ടായ ശാസ്ത്ര ലോകത്തിന്റെ വളർച്ചയും പ്രാധാന്യവും ബോധ്യപ്പെടുക 1903ന് ശേഷം 1904, 1908, 1931, 1934, 1935, 1938, 1939, 1943, 1944, 1950, 1951, 1960, 1977 വർഷങ്ങളിൽ ലഭിച്ച നൊബേൽ സമ്മാനങ്ങളെല്ലാം റേഡിയോ ആക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട കണ്ടുപിടുത്തങ്ങൾക്കാണെന്ന് തിരിച്ചറിയുമ്പോഴാണ്. ഇതിൽ 1934ൽ ആർട്ടിഫിഷ്യൽ റേഡിയോ ആക്റ്റിവിറ്റിയിൽ ലഭിച്ച നൊബോൽ സമ്മാനം മദാം ക്യൂറിയുടെ മകളും ഭർത്താവും ഒരുമിച്ചാണ് പങ്കിട്ടതെന്നത് ഒരു ശാസ്ത്ര കുടുംബത്തിന്റെ സാമൂഹിക പ്രതിബദ്ധതയുടേയും ശാസ്ത്ര പ്രതിബദ്ധതയുടേയും ദൃഷ്ടാന്തമാണ്. രസതന്ത്രത്തിന്റെ പിന്നാമ്പുറം അത്യന്തം ഉദ്വേഗജനകമാണെന്ന് മദാം ക്യൂറിയുടെ ജീവിതം വെളിപ്പെടുത്തുന്നു. ജീവിതത്തേയും സമൂഹത്തേയും ബന്ധിപ്പിക്കുന്ന കണ്ണിയായി രസതന്ത്രത്തെ അവതരിപ്പിക്കാനുള്ള വേദിയായാണ് അന്താരാഷ്ട്ര രസതന്ത്ര വർഷാചരണങ്ങൾ നടപ്പിലാക്കേണ്ടതെന്ന് മാദാംക്യൂറിയുടെ ജീവിതം ആവശ്യപ്പെടുന്നുണ്ട്.